# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ആഗസ്റ്റ് 5<br>August 5 | 2019 |
| --- | --- |

*1193 കർക്കടകം 19 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**എൻ.സി.വി.റ്റി : സപ്ലിമെന്ററി പരീക്ഷ**

എൻ.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ജൂലൈ 2019ലെ സപ്ലിമെന്ററി പരീക്ഷകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. അപേക്ഷയുടെ രണ്ട് പകർപ്പുകളും അനുബന്ധ രേഖകളും ഈ മാസം 14ന് മുമ്പ് ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ സമർപ്പിക്കണം. അപേക്ഷാഫോറവും കൂടുതൽ വിവരവും det.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0468 2258710. (പിഎൻപി 2011/19)

**കർഷക അവാർഡിന് അപേക്ഷിക്കാം**

ഏനാദിമംഗലം കൃഷിഭവന്റെയും പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിക്കും. ഇതോടനുബന്ധിച്ച് വിവിധ വിഭാഗങ്ങളിൽ മികച്ച കർഷകരെ തെരഞ്ഞെടുത്ത് ആദരിക്കും. കർഷകർ ഈ മാസം എട്ടിന് മുമ്പ് കൃഷിഭവനിൽ അപേക്ഷ നൽകണമെന്ന് കൃഷി ഓഫീസർ അറിയിച്ചു. (പിഎൻപി 2012/19)

**ശിശുക്ഷേമ സമിതി യോഗം**

ജില്ലാ ശിശുക്ഷേമ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഒമ്പതിന് രാവിലെ 11.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും. (പിഎൻപി 2013/19)

## ക്വട്ടേഷൻ

വടശേരിക്കര ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർഥികൾക്ക് വിവിധ കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഈ മാസം ഏഴിന് വൈകിട്ട് മൂന്ന് വരെ സ്വീകരിക്കും. ഫോൺ: 04735 251153.

(പിഎൻപി 2014/19)

## തുല്യതാ കോഴ്സ് : ഫീസ് ആനുകൂല്യം ലഭിക്കും

സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന പത്താംതരം തുല്യതാ കോഴ്സിന്റെ 14 -ാം ബാച്ചിലേക്കും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിന്റെ അഞ്ചാം ബാച്ചിലേക്കും രജിസ്റ്റർ ചെയ്യുന്ന വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽപ്പെട്ടവർക്ക് 2019-20 പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഫീസ് ആനുകൂല്യം നൽകുമെന്ന് സെക്രട്ടറി അറിയിച്ചു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന ബിപിഎൽ വിഭാഗത്തിൽപ്പെട്ട 16 പേർക്ക് പത്താം തരം തുല്യതയ്ക്കും എട്ട് പേർക്ക് ഹയർ സെക്കൻഡറി തുല്യതയ്ക്കുമാണ് ഫീസ് ആനുകൂല്യം അനുവദിക്കുക. പട്ടിക ജാതി വിഭാഗക്കാരും 40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യം ഉള്ളവരും ഫീസ് അടയ്ക്കേണ്ടതില്ല. കൂടുതൽ വിവരം ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപമുള്ള തുടർ വിദ്യാ കേന്ദ്രത്തിലും 9446976983 എന്ന നമ്പരിലും ലഭിക്കും. (പിഎൻപി 2015/19)

## വിമുക്തഭടന്മാർക്കും ആശ്രിതർക്കും സൗജന്യ പുനരധിവാസ പരിശീലനം

തൊഴിൽ രഹിതരും 55 വയസിൽ താഴെ പ്രായമുള്ളവരുമായ വിമുക്തഭടന്മാർക്കും അവരുടെ തൊഴിൽ രഹിതരായ ആശ്രിതർക്കുമായി സൈനിക ക്ഷേമ വകുപ്പ് വിവിധ പുനരധിവാസ കോഴ്സുകൾ നടത്തും. ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ, വേഡ് പ്രോസസിംഗ് ആൻഡ് ഡേറ്റാ എൻട്രി, റ്റാലി ആൻഡ് ജിഎസ്റ്റി, ഡിറ്റിപി വിത്ത് ഫോട്ടോഷോപ്പ്, പൊക്ലയിൻ ഓപ്പറേഷൻ, ജെസിബി ഓപ്പറേഷൻ, ബസ്-ട്രക്ക് ഓപ്പറേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഇലക്ട്രോണിക് സെക്യൂരിറ്റി ആൻഡ് സർവയിലൻസ് സിസ്റ്റം, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫൈബർ ഒപ്റ്റിക് ടെക്നോളജി എന്നിവയാണ് നടത്തുന്നത്. നിബന്ധനകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം ലഭിക്കുക. താത്പര്യമുള്ളവർ ഈ മാസം 15ന് മുമ്പായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ അപേക്ഷ നൽകണം. ഫോൺ: 0468 2222104.

(പിഎൻപി 2016/19)

## ഓണം ബോണസ്: രേഖകൾ ഹാജരാക്കണം

2019 മാർച്ച് 31ന് മുമ്പ് സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത് സജീവ അംഗത്വം നിലനിർത്തുന്നവർക്കും 2019 മെയ്, ജൂൺ മാസങ്ങളിൽ അംശദായ കുടിശിക അടച്ച് അംഗത്വം പുനസ്ഥാപിച്ചവർക്കും ഓണം ബോണസ് ലഭിക്കുന്നതിന് അംഗത്വ പാസ്ബുക്ക്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ അസൽ സഹിതം ഈ മാസം 31ന് മുമ്പ് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിലെത്തി വേരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന് ക്ഷേമനിധി ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222709.

(പിഎൻപി 2017/19)

## ട്രൈസ്കൂട്ടർ വിതരണം : മെഡിക്കൽ ക്യാമ്പ് 13ന്

റാന്നി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പ്രകാരം ട്രൈസ്കൂട്ടറിന് അപേക്ഷിച്ചവരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരും ഈ മാസം 13ന് ബ്ലോക്ക് ഓഫീസിൽ നടക്കുന്ന മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കണമെന്ന് ശിശുവികസന പദ്ധതി ഓഫീസർ.

(പിഎൻപി 2018/19)

## ജില്ലാ ആസൂത്രണ സമിതിയോഗം

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് ഈ മാസം 17ന് രാവിലെ 11ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ ആസൂത്രണ സമിതിയോഗം ചേരും. (പിഎൻപി 2019/19)

## പുനർ ക്വട്ടേഷൻ

വടശേരിക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ, ചിറ്റാർ, കടുമീൻചിറ പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അഞ്ച് മുതൽ പ്ലസ്ടു വരെ പഠിക്കുന്ന കുട്ടികൾക്ക് അടിവസ്ത്രങ്ങൾ ലഭ്യമാക്കുന്നതിനും മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ബ്രാൻഡഡ് കമ്പനികളുടെ ചെരുപ്പ് ലഭ്യമാക്കുന്നതിനും ഈ മാസം എട്ടിന് ഉച്ചയ്ക്ക് രണ്ട് വരെ ക്വട്ടേഷൻ നൽകാം. ഫോൺ: 04735 227703. (പിഎൻപി 2020/19)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ആഗസ്റ്റ് 5
**August 5**

**2019**

*1193 കർക്കടകം 19 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**കളക്ടറേറ്റ് കാമ്പസ് ശുചീകരിച്ചു**

നെഹ്റു യുവകേന്ദ്രയും പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെയും കോന്നി മന്നം മെമ്മോറിയൽ എൻഎസ്എസ് കോളജിലെയും എൻഎസ്എസ് യൂണിറ്റും ടീം യുവയും സംയുക്തമായി കളക്ടറേറ്റ് കാമ്പസ് ശുചീകരിച്ചു. ജില്ലാ കളക്ടർ പി.ബി.നൂഹ് ശുചീകരണം ഉദ്ഘാടനം ചെയ്തു. നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ കെ.ഹരിലാൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ എസ്.സജിത്ത് ബാബു, സി.വർഗീസ്, ശുചിത്വമിഷൻ പ്രോഗ്രാം കോ-ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, നെഹ്റു യുവകേന്ദ്ര പ്രോഗ്രാം കോ-ഓർഡിനേറ്റർ ലിജാ മാധവൻ, വാളണ്ടിയർ ഗൗതംകൃഷ്ണ, ഹരിപ്രസാദ് തുടങ്ങിയവർ സംസാരിച്ചു.

സ്വച്ഛ്ഭാരത് സമ്മർ ഇന്റേൺഷിപ്പ് 2018 ജേതാക്കളായ വിമൽ കൃഷ്ണക്കുറുപ്പ്, സുജിത് കുമാർ എസ്.നായർ, എം.ജിഷ്ണു എന്നിവർക്ക് ചടങ്ങിൽ ക്യാഷ് അവാർഡും മൊമെന്റോയും നൽകി. 2019 സ്വച്ഛ് ഭാരത് ഇന്റേൺഷിപ്പിൽ കൂടുതൽ അംഗങ്ങളെ രജിസ്റ്റർ ചെയ്തതിന് നെഹ്റു യുവകേന്ദ്ര വാളണ്ടിയർ ആർ.അജ്മലിന് പ്രത്യേക ഉപഹാരം നൽകി. (പിഎൻപി 2021/19)

## റാങ്ക് ലിസ്റ്റ്

ജില്ലയിൽ പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിംഗ്) വകുപ്പിൽ ലൈൻമാൻ (കാറ്റഗറി നമ്പർ 281/17) തസ്തികയിലേക്കുള്ള റാങ്ക് പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 2022/19)

## എല്ലാവർക്കും ഹൈസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കും

എല്ലാവർക്കും ഹൈസ്കൂൾ വിദ്യാഭ്യാസം എന്ന ലക്ഷ്യം നടപ്പാക്കുന്നതിന്റെ ഭാഗമായി തുടർവിദ്യാകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്ന വാർഡുകളെ 100 ശതമാനം ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയവരുടെ വാർഡുകളാക്കി മാറ്റാൻ സാക്ഷരതാ മിഷൻ മേഖലായോഗം തീരുമാനിച്ചു. തുടർവിദ്യാകേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡിലെ ഏഴാം ക്ലാസ് ജയിച്ച, 17 വയസ് പൂർത്തിയായ എല്ലാവരെയും 10-ാം ക്ലാസ് തുല്യതാ കോഴ്സിന് ഈ വർഷം ചേർക്കാൻ വേണ്ട നടപടികൾ സ്വീകരിക്കും. 50ൽ അധികം തുല്യതാ പഠിതാക്കളുള്ള വാർഡുകളിൽ 10-ാം ക്ലാസ് തുല്യതാ പഠന ക്ലാസുകൾ ആരംഭിക്കും.

പത്തനംതിട്ട നഗരസഭയിൽ ചേർന്ന മേഖലാ യോഗം നഗരസഭാധ്യക്ഷ അഡ്വ.ഗീതാ സുരേഷ് ഉദ്ഘാടനം ചെയ്തു. സാക്ഷരതാ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഡോ.വി.വി.മാത്യു, അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ ഡോ.പി.മുരുകദാസ്, ജില്ലാ കോഴ്സ് കൺവീനർ അഫ്സൽ ആനപ്പാറ, എസ്.ബിന്ദു, കെ.ശ്രീകുമാരി, പി.ആർ.സരോജ, ശശികല എസ്.കുമാർ, എം.ആർ.അനിതകുമാരി, ടി.മണി, ഡി.ശിവദാസ്, ജി.വിനോദ് കുമാർ, വി.ജി.രാധാകൃഷ്ണൻ, കെ.ടി.വിജയമ്മ, വി.കെ.ആശ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 2023/19)

## ആറന്മുളയിൽ എമർജൻസി ഓപ്പറേഷൻ സെന്റർ പ്രവർത്തനം തുടങ്ങി

ആറന്മുളയിൽ എത്തുന്ന ഭക്തർക്കും, വള്ളംകളി ആസ്വാദകർക്കും സുരക്ഷ ഒരുക്കുകയാണ് എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ലക്ഷ്യമെന്ന് വീണാ ജോർജ് എംഎൽഎ പറഞ്ഞു. ആറന്മുള സത്രം കോൺഫറൻസ് ഹാളിൽ എമർജൻസി ഓപ്പറേഷൻ സെന്റർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എംഎൽഎ. ദുരന്ത സാധ്യത ഉണ്ടായാൽ നേരിടുന്നതിനായി പത്തനംതിട്ട ജില്ലാ ആശുപത്രിയിലെ ഡോക്ടറും, നഴ്സുമാരും അടങ്ങുന്ന മെഡിക്കൽ സംഘത്തെ പൂർണ സജ്ജമാക്കിയിട്ടുണ്ടെന്നും എംഎൽഎ പറഞ്ഞു.

ആറന്മുള വള്ളസദ്യകൾ, ഉതൃട്ടാതി ജലോത്സവം, അഷ്ടമിരോഹിണി വള്ളസദ്യ എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തരഘട്ട ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായാണ് ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ എമർജൻസി ഓപ്പറേഷൻ സെന്റർ തുടങ്ങിയതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. ഫയർഫോഴ്സ്, റവന്യു, പോലീസ്, ആരോഗ്യം, കെഎസ്ഇബി, ജലസേചനം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് എമർജൻസി ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുക. വരും ദിവസങ്ങളിൽ കൂടുതൽ സുരക്ഷാ ഉപകരണങ്ങളും, സാധനസാമഗ്രികളും, റബർ ഡിങ്കികളും ക്രമീകരിക്കും. വള്ളംകളി നടക്കുന്ന ജലപാതയുടെ റൂട്ട് മാപ്പ് തയാറാക്കുന്നതിന് യുഎൻഡിപിയുടെ ജില്ലാ പ്രോജക്ട് വിഭാഗത്തെ ചുമതലപ്പെടുത്തിയെന്നും ജില്ലാ കളക്ടർ പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, അടൂർ ആർഡിഒ പി.ടി എബ്രഹാം, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ആർ. ബീനാറാണി, പത്തനംതിട്ട ഡിവൈഎസ്പി കെ.സജീവ്, ഫയർ ഓഫീസർ വിനോദ്കുമാർ, പള്ളിയോട സേവാസംഘം പ്രസിഡന്റ് കൃഷ്ണകുമാർ കൃഷ്ണവേണി, സെക്രട്ടറി പി ആർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2024/19)

## ആറന്മുള വള്ളസദ്യയ്ക്ക് തുടക്കമായി

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ വള്ളസദ്യയ്ക്ക് തുടക്കമായി. പാർഥസാരഥിക്ഷേത്രത്തിന്റെ ഗജമണ്ഡപത്തിൽ എൻഎസ്എസ് പ്രസിഡന്റ് പി എൻ നരേന്ദ്രനാഥൻ നായർ ഭദ്രദീപം കൊളുത്തി വള്ളസദ്യയ്ക്ക് തുടക്കം കുറിച്ചു. ആറന്മുളയുടെ പെരുമ ഭക്തിയോട് ചേർന്ന് നിൽക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. പള്ളിയോട സേവാസംഘം പ്രസിഡന്റ് ബി കൃഷ്ണകുമാർ കൃഷ്ണവേണി അധ്യക്ഷതവഹിച്ചു. വീണാ ജോർജ് എംഎൽഎ, ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി. നൂഹ്, ദേവസ്വം ബോർഡ് മെമ്പർമാരായ അഡ്വ.എൻ. വിജയകുമാർ, കെ.പി. ശങ്കരദാസ്, എൻഎസ്എസ് രജിസ്ട്രാർ പി എൻ സുരേഷ്, പള്ളിയോട സേവാസംഘം സെക്രട്ടറി പിആർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. രാഷ്ട്രീയ സാമൂഹിക സാമുദായിക രംഗത്തെ ഒട്ടേറെ പ്രമുഖർ ആദ്യദിനത്തിൽ വള്ളസദ്യയിൽ പങ്കെടുക്കുന്നതിന് എത്തിയിരുന്നു.

പൊൻപ്രകാശം ചൊരിയുന്ന വിളക്കത്ത് വിളമ്പണം എന്ന വഞ്ചിപ്പാട്ടിന്റെ ശീലുകൾ ആറന്മുളയിലെ സദ്യവട്ടങ്ങളിൽ മുഴങ്ങി. മറൊരു വള്ളസദ്യക്കാലത്തിന് തുടക്കം കുറിച്ച് വഴിപാട് സമർപ്പിക്കുന്നവരുടെ ക്ഷണപ്രകാരം എത്തിയവരും പള്ളിയോടങ്ങളിൽ പാർഥസാരഥിയുടെ പ്രതിനിധികളായി പാടിത്തുഴഞ്ഞ് എത്തിയവരും ഒന്നുപോലെ രുചിയുടെ വൈവിധ്യങ്ങൾ അനുഭവിച്ചറിയാൻ ക്ഷേത്ര അങ്കണത്തിൽ ഒരുമിച്ചുകൂടി. പമ്പയുടെ ഓളങ്ങളിൽ കിഴക്ക് നിന്നും പടിഞ്ഞാറ് നിന്നും പള്ളിയോടങ്ങളിൽ പാടിത്തുഴഞ്ഞ് പാർഥസാരഥി ക്ഷേത്രത്തിന്റെ കടവിൽ എത്തിയപ്പോൾ വഞ്ചിപ്പാട്ടുകൾക്കൊണ്ടു മുഖരിതമായ അന്തരീക്ഷം ഹൃദ്യമായ അനുഭവമായി മാറി. പള്ളിയോടങ്ങളെ വെറ്റ-പുകയില നൽകി പള്ളിയോട സേവാസംഘം ഭാരവാഹികളും വിശിഷ്ട അതിഥികളും വഴിപാടുകാർക്കൊപ്പം സ്വീകരിച്ചു.

അന്നദാനപ്രഭുവിനെ സ്മരിച്ച് വിളക്കത്ത് അന്നം വിളമ്പിയ ശേഷം കരക്കാർക്ക് കളഭ കുങ്കുമങ്ങളും നൽകുന്നതോടെയാണ് ഓരോ വള്ളസദ്യയും ആരംഭിക്കുന്നത്. ഭഗവത് സ്തുതികളുമായി എത്തിയ ചെറുകോൽ, കോഴഞ്ചേരി, പ്രയാർ, തെക്കേമുറി, പുന്നംതോട്ടം, വെൺപാല, ഓതറ, നെടുംപ്രയാർ എന്നീ പള്ളിയോടങ്ങൾക്കാണ് ആദ്യ ദിനം വള്ളസദ്യ നടന്നത്. രണ്ടാം ദിവസമായ ഇന്ന് വള്ളസദ്യകൾ ഇല്ല. എട്ട് കരക്കാരാണ് ആദ്യ ദിനത്തിൽ വള്ളസദ്യയിൽ പങ്കെടുത്തത്. ഒക്ടോബർ ആറിനാണ് വള്ളസദ്യകൾ സമാപിക്കുന്നത്. (പിഎൻപി 2025/19)

## ജില്ലാ ആസൂത്രണ സമിതി യോഗം ഒമ്പതിന്

ജില്ലാ ആസൂത്രണ സമിതിയുടെ അടിയന്തര യോഗം ഒമ്പതിന് ഉച്ചയ്ക്ക് ശേഷം മൂന്നിന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 2026/19)

## ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ ഏഴ്, എട്ട്, ഒമ്പത് തീയതികളിൽ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും.

(പിഎൻപി 2027/19)

## ഡിഎൽഎഡ് സ്പോട്ട് അഡ്മിഷൻ

2019-2021 അധ്യയന വർഷത്തെ ഡിഎൽഎഡ് കോഴ്സിന്റെ ഒഴിവുള്ള സീറ്റുകളിലേക്ക് തിരുവല്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ എട്ടിന് രാവിലെ

10ന് സ്പോട്ട് അഡ്മിഷൻ  നടത്തും. താത്പര്യമുള്ളവർ അപേക്ഷാ ഫോറവും അസൽ സർട്ടിഫിക്കറ്റും സഹിതം ഹാജരാകണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു.

(പിഎൻപി 2028/19)

## ഫോട്ടോ അടിക്കുറിപ്പ്

1) നെഹ്രു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് കാമ്പസിൽ നടത്തിയ ശുചീകരണം ജില്ലാ കളക്ടർ പി.ബി.നൂഹ് ഉദ്ഘാടനം ചെയ്യുന്നു.
2) ആറന്മുള സത്രം കോൺഫറൻസ് ഹാളിൽ എമർജൻസി ഓപ്പറേഷൻ സെന്റർ ഉദ്ഘാടനം വീണാ ജോർജ് എംഎൽഎ നിർവഹിക്കുന്നു.
3) ആറന്മുള പാർഥസാരഥി ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ വള്ളസദ്യയ്ക്ക് തുടക്കം കുറിച്ച് എൻഎസ്എസ് പ്രസിഡന്റ് പി.എൻ നരേന്ദ്രനാഥൻ നായർ ഭദ്രദീപം തെളിക്കുന്നു.






Pathanamthitta District
Emergency Operation Centre
Aranmula

